©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട് (2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

(Presented on 8th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ
FIFTEENTH KERALA LEGISLATIVE ASSEMBLY

## സബ്ജക്ട് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട് (2024 മാർച്ച് 31 വരെയുള്ളത്)**
**(PERIODICAL REPORT AS ON 31ST MARCH, 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1010/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി XI
# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
# (2023-2026)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൾ ഹമീദ്

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

15-ാം കേരള നിയമസഭയുടെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2021-23), 2021 ജൂൺ 7-ാം തീയതിയും സബ്ജക്ട് കമ്മിറ്റി XI (2023-26), 2023 ഡിസംബർ 7-ാം തീയതിയും രൂപീകൃതമായി. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസ്തുത സമിതികൾ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 11-9-2023, 21-2-2024, 27-2-2024, 6-3-2024 എന്നീ തീയതികളിലായി നാല് യോഗങ്ങൾ ചേർന്നു. ഇതിൽ മൂന്ന് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും ഒരു യോഗം, എസ്.ആർ.ഒ കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഈ റിപ്പോർട്ട് ഏഴ് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ അദ്ധ്യായം III-ലും നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം എന്നിവ അദ്ധ്യായം VI-ലും

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 2 ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**വി. എൻ. വാസവൻ**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,

2024 ജൂലൈ 8.

# റിപ്പോർട്ട്

<u>അദ്ധ്യായം I</u>

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 11-9-2023-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 13-9-2023-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 11-9-2023-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 13-9-2023-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 6-3-2024-ലെ സമിതി യോഗം പരിഗണിക്കുകയും 10-6-2024- ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>അദ്ധ്യായം II</u>

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

റിപ്പോർട്ട് കാലയളവിൽ സമിതി ബില്ലുകൾ പരിശോധിച്ചിട്ടില്ല.

<u>അദ്ധ്യായം III</u>

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശം

<u>സമിതി പരിഗണിച്ച ചട്ടങ്ങൾ</u> :

റിപ്പോർട്ട് കാലയളവിൽ സമിതി കരട് ചട്ടം  പരിഗണിച്ചിട്ടില്ല.

<u>സമിതി പരിഗണിച്ച എസ്.ആർ.ഒ.-കൾ</u> :

(എ) കേരള സഹകരണ സംഘം (ഒന്നാം ഭേദഗതി) ചട്ടം, 2023 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം.550/2023)

പ്രസ്തുത എസ്.ആർ.ഒ. 11-9-2023-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXVII-സഹകരണം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന സഹകരണവകുപ്പുമായി ബന്ധപ്പെട്ട 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു.തുറമുഖ-സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ 9-8-2023-ന് സഭയിൽ സമർപ്പിച്ചു.

(ബി) XXX-ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ 30-01-2024-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം VI

## (എ) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 25, 29 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

## ശിപാർശ 25

2408-01-800-98—<u>ഉപഭോക്തൃ ദിനാഘോഷം</u>

ദേശീയ ഉപഭോക്തൃ ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശില്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ, ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2408-01-800-98-ഉപഭോക്തൃ ദിനാഘോഷം എന്ന ശീർഷകത്തിൽ 2021-22-ൽ വകയിരുത്തിയിരുന്ന ബജറ്റ് വിഹിതം 2.5 ലക്ഷം രൂപയും ആകെ ചെലവഴിച്ച തുക 2.31 ലക്ഷം രൂപയുമായിരുന്നു. ഒന്നാം ഘട്ട ഉപധനാഭ്യർഥനയിൽ വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചെങ്കിലും അനുവദിക്കുകയുണ്ടായില്ല. ലോക ഉപഭോക്തൃ സംരക്ഷണ ദിനാചരണത്തിന്റെ നടത്തിപ്പിനാവശ്യമായി വന്ന 8.5 ലക്ഷം രൂപയും ദേശീയ ഉപഭോക്തൃ ദിനാചരണത്തിന്റെ പോസ്റ്റർ പ്രിന്റ് ചെയ്ത ഇനത്തിൽ ആവശ്യം വന്ന 1.95 ലക്ഷം രൂപയും 3456-00-104-99 എന്ന ശീർഷകത്തിൽ നിന്നും ചെലവാക്കാൻ ഭരണാനുമതി ലഭിച്ചതുകൊണ്ട് 2408-01-800-98 ശീർഷകത്തിൽ അധിക തുക ആവശ്യം വരികയുണ്ടായില്ല. ആയതിനാൽ 2021-22 സാമ്പത്തിക വർഷം 2408-01-800-98 ശീർഷകത്തിൽ അധിക ധനാനുമതിയോ ധനപുനർവിനിയോഗം മുഖേനയോ 2408-01-800-98 ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമെ തുക അനുവദിക്കപ്പെടുകയുണ്ടായില്ല.

## ശിപാർശ 29

3456-00-104-99—<u>കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ</u>

ഉപഭോക്തൃ ശാക്തീകരണ/ബോധവത്കരണ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.176 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽനിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് 55 ലക്ഷം രൂപയായിരുന്നു. ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനയിൽ വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം ശീർഷകത്തിൽ 1.176 കോടി രൂപ അധികമായി വകയിരുത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചെങ്കിലും അനുവദിക്കുകയുണ്ടായില്ല. എന്നാൽ കോവിഡ് മഹാമാരി കാലത്തെ നിയന്ത്രണങ്ങൾ മൂലം ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ പരിമിതമായ തോതിൽ മാത്രമേ തൻവർഷം സംഘടിപ്പിക്കാൻ സാധിക്കുകയുണ്ടായുള്ളൂ. ആയതിനാൽ ശീർഷകത്തിൽ നിന്നും 45.80 ലക്ഷം രൂപ മാത്രമാണ് ചെലവായത്. മേൽ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം അധികധനാനുമതിയോ ധനപുനർവിനിയോഗം മുഖേനയോ 3456-00-104-99 ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമെ തുക അനുവദിക്കപ്പെടുകയുണ്ടായില്ല.

## <u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

വി. എൻ. വാസവൻ

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2024 ജൂലൈ 2.

## 11-9-2023-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2023 സെപ്റ്റംബർ 11-ാം തീയതി (തിങ്കൾ) സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.15-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ സന്നിഹിതനായിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.
3. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.
4. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. എസ്. പ്രവീൺ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
3. ഡോ. താജുദ്ദീൻ അഹമ്മദ്, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)
4. ശ്രീ. അനിൽ ജോണി, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
5. ശ്രീ. ഗിരീഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
6. ഡോ. എസ്. ജയകുമാർ, ജോയിന്റ് ഡയറക്ടർ, CAPE
7. ശ്രീമതി ജ്യോതിപ്രസാദ് ആർ., അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

8. ശ്രീ. ഷാജി പി., അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ്), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

9. ശ്രീ. സതീഷ് ആർ. എൻ., അസിസ്റ്റന്റ് ജനറൽ മാനേജർ, സപ്ലൈകോ

10. ശ്രീ. മനോജ് കുമാർ കെ., കൺട്രോളർ, ഭക്ഷ്യ പൊതുവിതരണ വകുപ്പ്

11. ശ്രീ. ഷെൽജി ജോർജ്ജ്, മാനേജർ (മാർക്കറ്റിംഗ്), സപ്ലൈകോ

12. ശ്രീ. അബ്ദുൾ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

13. ശ്രീമതി ഗീത എം., ചീഫ് അക്കൗണ്ട്സ് ഓഫീസർ, പൊതുവിതരണ വകുപ്പ്

14. ശ്രീ. സന്തോഷ് എസ്. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി കാര്യവിവരപ്പട്ടികയിലെ വിഷയങ്ങൾ ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>കോവിഡ് കാലത്ത് ഫലപ്രദമായി ഇടപെട്ടിട്ടുള്ള ആശുപത്രി സഹകരണ സംഘങ്ങളുടെ വിവരവും പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിയുടെ (CAPE) നിലവിലെ സ്ഥിതിയും CAPE-ൽ ഇതുവരെ നടപ്പാക്കിയ കാര്യങ്ങളും സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവര റിപ്പോർട്ട്</u>

(ഫയൽ നം. 17735/സബ്.സി. ജി1/2021/നി.സെ.)

പ്രസ്തുത അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. <u>മൂവാറ്റുപുഴ പ്രാഥമിക സഹകരണ ബാങ്കിന്റെ പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ച വിജ്ഞാപനം സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവര റിപ്പോർട്ട്</u>

(ഫയൽ നം. 12271/സബ്.സി. ജി1/2021/നി.സെ.)

മൂവാറ്റുപുഴ പ്രാഥമിക സഹകരണ ബാങ്കിലെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് വകുപ്പിൽനിന്ന് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ടിലെ വിശദീകരണം സമിതി അംഗീകരിക്കുകയും ബ്രേക്ക് പീരീഡ് റഗുലറൈസ് ചെയ്യുന്നതിനായി 'മുൻകാല പ്രാബല്യത്തോടെ' എന്ന പ്രയോഗം ഉൾപ്പെടുത്തി റൂളിൽ വന്ന പിഴവ് പരിഹരിച്ച് എസ്.ആർ.ഒ. തിരുത്തിയിറക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 25, 29 ഖണ്ഡികകളിലെ ശിപാർശകളിൻ മേലുള്ള നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും

(ഫയൽ നം. 12004/സബ്.സി. ജി1/2021/നി.സെ.)

നടപടി സ്റ്റേറ്റ്മെന്റും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

4. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കിക്കൊണ്ട് വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകൾ

ലീഗൽ മെട്രോളജി വകുപ്പ് (2020-21)

ഭക്ഷ്യപൊതുവിതരണ വകുപ്പ് (2020-21)
(ഫയൽ നം. 108/സബ്.സി. ജി1/2021/നി.സെ.)

ഭക്ഷ്യപൊതുവിതരണ വകുപ്പ് (2021-22)
(ഫയൽ നം. 123/സബ്.സി. ജി1/2022/നി.സെ.)

കാലതാമസ പത്രികകൾ സമിതി അംഗീകരിച്ചു.

5. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 13430/സബ്.സി. ജി1/2022/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 9 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 10, 11, 12, 13, 17, 20 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉപഭോക്തൃകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 14, 15, 16, 18, 19 എന്നീ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

6. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 13430/സബ്.സി. ജി1/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

7. <u>2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നം. 6805/സബ്.സി. ജി1/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

8. <u>എസ്.ആർ.ഒ. സാധൂകരണം</u>

സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട കേരള സഹകരണ സംഘം നിയമം, 1969-ന്റെ വിജ്ഞാപനം.

<u>എസ്.ആർ.ഒ. നം. 550/2023</u>

(ഫയൽ നം. 9408/സബ്.സി. ജി1/2023/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

യോഗം വൈകുന്നേരം 6.35-ന് അവസാനിച്ചു.

## 21-2-2024-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2024 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 3 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു തുറമുഖ-സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ.അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ.ആന്റണി ജോൺ, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
3. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
4. ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.
5. ശ്രീമതി കെ.കെ ശൈലജ ടീച്ചർ, എം.എൽ.എ.
6. ശ്രീ.ജി.സ്റ്റീഫൻ, എം.എൽ.എ.
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. സുഭാഷ് ടി. വി., രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ശ്രീമതി ശുഭ കെ. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട XXVII-ാം നമ്പർ ധനാഭ്യർഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തിക വർഷത്തെ അധിക ധനാഭ്യർഥനകളാണ് കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും 2024-25 വർഷത്തിൽ ധനാഭ്യർഥന XXVII സഹകരണത്തിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ആകെ 550.6897 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും അതിൽ വിശദമാക്കിയ 25 പദ്ധതികളിൽ മൂന്ന് പദ്ധതികൾക്കായി ഏഴ് മൈനർ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്കാവശ്യമായ അധിക തുകയാണ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ജോയിന്റ് സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് ആമുഖമായി പറഞ്ഞു.

2425-00-001-91-99—<u>സഹകരണ വകുപ്പിന്റെ നവീകരണം</u>

2425-00-001-91-97

4425-00-001-96.

സഹകരണ വകുപ്പിന്റെ കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരമായ സഹകരണ ഭവൻ നിർമ്മാണത്തിന് പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമാണെന്നും വകുപ്പിന്റെ കൈവശമുള്ള 75 സെന്റ് സ്ഥലം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഈ പ്രോജക്ടിന് ഈ വർഷം എ.എസ്. കിട്ടിയിട്ടുണ്ടെന്നും അത് പൂർത്തീകരിക്കുന്നതിനുള്ള അധിക തുകയാണ് ആവശ്യപ്പെടുന്നതെന്നും ഈ വർഷം ഒരു രൂപപോലും 4425-00-001-96 എന്ന ഹെഡ്ഡിൽ അലോട്ട് ചെയ്ത് നൽകിയിട്ടില്ലെന്നും കൂടാതെ സഹകരണവകുപ്പിന് ഇലക്ട്രിക് വാഹനം വാടകയ്ക്ക്/പാട്ടത്തിന് എടുക്കുന്നതിലേക്കായി 2425-00-001-91-97 ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2425-00-001-91-97, 4425-00-001-96 ശീർഷകങ്ങളിലായി ആകെ 3.25 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-003-88-91- സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

എൻ.സി.ഡി.സി.-യുടെ ഷെയറുംകൂടി ചേർത്താണ് സഹകരണ വകുപ്പിന്റെ പദ്ധതിവിഹിതം നിശ്ചയിക്കുന്നതെന്നും കഴിഞ്ഞ വർഷം എൻ.സി.ഡി.സി.-യിൽ വളരെ കുറച്ച് തുക മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നത് വലിയ ബുദ്ധിമുട്ടിന് കാരണമായെന്നും ഈ വർഷം അധികമായി തുക ആവശ്യപ്പെട്ട മൂന്ന് ഹെഡ്ഡുകളിലും മിനിമം റിക്വയർമെന്റാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും സെക്രട്ടറി, സഹകരണ വകുപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

പ്രസ്തുത ശീർഷകത്തിൽ നിലവിൽ ബഡ്ജറ്റ് വിഹിതമായി 30 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമിതിയോട് അഭ്യർത്ഥിച്ചു. കഴിഞ്ഞ വർഷം അനുവദിച്ച 30 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിച്ചിരുന്നോയെന്ന് ബഹു.അംഗം ആരാഞ്ഞതിന് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടന്ന് അദ്ദേഹം മറുപടി നൽകി.

പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-101-91-34-3—സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും

2425-00-101-91-91—നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും

2425-00-101-91-97

2425-00-101-91-99

4425-00-001-97

പ്രത്യേക ദൗത്യസേനകളെ രൂപീകരിച്ച് ടീം ആഡിറ്റ് കൃത്യമായി നടപ്പിലാക്കുന്നതിനും പ്രസ്തുത സംവിധാനം നടപ്പാക്കുമ്പോൾ വേണ്ടിവരുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും ഓഡിറ്റർമാർക്കുവേണ്ട ലാപ്ടോപ്പും കമ്പ്യൂട്ടറും നൽകുന്നതിനും വേണ്ടിയുള്ള വകയിരുത്തലാണ് പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് സഹകരണ വകുപ്പ് സെക്രട്ടറി പറഞ്ഞു. സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണം സംബന്ധിച്ച് മുൻവർഷങ്ങളിൽ കാര്യമായി പരിഗണിക്കപ്പെട്ടിരുന്നില്ലെന്നും നിലവിൽ ടീം ആഡിറ്റ് സംവിധാനം

നടപ്പാക്കുന്നതുവഴി കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ആഡിറ്റിന്റെ പ്രസക്ത വിവരങ്ങൾ പബ്ലിക് ഡൊമൈനിൽ പ്രസിദ്ധീകരിക്കപ്പെടുമെന്നും ആഡിറ്റ് അത്രയും സുതാര്യതയോടെയും കൃത്യതയോടെയും നടപ്പാക്കുമ്പോൾ അതിനനുസരിച്ചുള്ള പ്രാധാന്യം ഡയറക്ടറേറ്റിന് നൽകേണ്ടതുണ്ടെന്നും അതിനുവേണ്ട സൗകര്യങ്ങൾക്കുവേണ്ടിയാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതി യോഗത്തിൽ വിശദീകരിച്ചു.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ നിന്നുള്ള തുക പല കാര്യങ്ങൾക്കുവേണ്ടിയും വിവിധ ഹെഡ്ഡുകളിലായി ഡിപ്പാർട്ടുമെന്റുകൾക്ക് ലഭിക്കുന്നുണ്ടല്ലോ എന്നും ആ തുക ഇത്തരത്തിലുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് വേണ്ടി ഉപയോഗിക്കാൻ സാധിക്കുമോ എന്നും ബഹു. അംഗം ആരാഞ്ഞപ്പോൾ സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടോ അവരുടെ റിസർവ് ഫണ്ടോ സഹകരണ രജിസ്ട്രാർക്ക് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അനുമതിയില്ലെന്നും സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇത്തരത്തിൽ ലഭിക്കുന്ന ലാഭവിഹിതത്തിൽനിന്നുള്ള തുക ഉപയോഗിച്ച രണ്ട് സന്ദർഭങ്ങൾ ഉണ്ടെന്നും അതിൽ ഒന്ന്, സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ സഹകരണ ഭവൻ നിർമ്മിച്ചതാണെന്നും അതിന്റെ ബാക്കിത്തുക സഹകരണ രജിസ്ട്രാറുടെ അക്കൗണ്ടിലുണ്ടെന്നും റീജിയണൽ സഹകരണ ഭവനുകൾ നിർമ്മിക്കുന്നതിനുവേണ്ടി ആ തുക വിനിയോഗിക്കാൻ താൽപ്പര്യമുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന് അനുകൂല മറുപടിയാണ് നൽകിയിരിക്കുന്നതെന്നും രണ്ടാമത്തേത്, ഡിവിഡന്റിൽ നിന്നും മറ്റ് കാര്യങ്ങളിൽനിന്നും ലഭിച്ച തുകയിൽനിന്ന് കെയർഹോമിനുവേണ്ട സഹായം ലഭ്യമാക്കി എന്നുള്ളതാണെന്നും പ്രളയത്തെത്തുടർന്ന് ഇതുപയോഗിച്ച് 2200 വീടുകൾ നിർമ്മിച്ചുവെന്നും പാലക്കാടും കണ്ണൂരും ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണെന്നും തൃശ്ശൂരിൽ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇത്തരം കാര്യങ്ങൾക്കല്ലാതെ ഈ ഫണ്ട് വിനിയോഗിക്കാൻ ആക്റ്റിൽ വ്യവസ്ഥയില്ലെന്നും സഹകരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ഇനിയുള്ള കാലം ഇത്തരത്തിൽ എത്ര രൂപ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത സ്ഥിതിക്ക് നിലവിൽ നയമാറ്റത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ തെറ്റില്ലെന്ന് ബഹു. അംഗം അഭിപ്രായപ്പെട്ടു.

ഇക്കാര്യം സഹകരണ സംരക്ഷണ നിധി ആക്റ്റിൽ പ്രൊപ്പോസ് ചെയ്തിട്ടില്ലെന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സൂചിപ്പിച്ചപ്പോൾ വളരെ ദുർബലമായ സംഘങ്ങളുടെ നവീകരണത്തിനുവേണ്ടിയാണ് സഹകരണ സംരക്ഷണ നിധിയെന്നും അതൊരിക്കലും വകുപ്പിന്റെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് വേണ്ടിയല്ല ഉപയോഗിക്കുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

ബഡ്ജറ്റ് പ്രസംഗത്തിന്മേലുള്ള ചർച്ച ഉപസംഹരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയ പ്രസംഗത്തിൽ ഇക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്ന് ചെയർമാൻ ഓർമ്മപ്പെടുത്തി.

സഹകരണ സംരക്ഷണ നിധിക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് നാമമാത്രമായ തുകയാണെന്ന് ബഹു. അംഗം അഭിപ്രായപ്പെട്ടപ്പോൾ സഹകരണ സംരക്ഷണ നിധിക്കുവേണ്ടി ആ തുകയല്ല ഉദ്ദേശിക്കുന്നതെന്നും കേരള ബാങ്കിൽ അഗ്രിക്കൾച്ചറൽ പ്രൈസ് സ്റ്റെബിലൈസേഷന്റെ ലാഭവിഹിതമായുള്ള തുകയുടെ അൻപത് ശതമാനം തുകയാണ് സൂചിപ്പിക്കുന്നതെന്നും അത് ഏകദേശം അറുപത് കോടിയോളം രൂപ വരുമെന്നും ബഹു. ചെയർമാൻ വ്യക്തമാക്കി.

റിസർവ് ഫണ്ടിൽ ആയിരം കോടിയോളം രൂപയും അഗ്രിക്കൾച്ചറൽ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിൽ 18 കോടിയോളം രൂപയും കേരള ബാങ്കിലുണ്ടെന്നും അതിൽനിന്നും ആവശ്യാനുസരണം, അൻപത് ശതമാനത്തിൽ കൂടാത്ത തുക സഹകരണ രജിസ്ട്രാർക്ക് ഉപയോഗിക്കാമെന്നാണ് സഹകരണ നിധിയുടെ പുതിയ ആക്റ്റിൽ പ്രൊപ്പോസ് ചെയ്യുന്നതെന്നും അതുതന്നെയാണ് പ്രധാന ധനാഗമനമാർഗ്ഗമായി കാണുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ജോയിന്റ് ഡയറക്ടർമാരുടെയും രജിസ്ട്രാർമാരുടെയും ജില്ലാഓഫീസുകളിൽ വാഹനമില്ലാതെ ബുദ്ധിമുട്ടേറിയ സാഹചര്യം നിലനിൽക്കുന്നുവെന്നും നിരവധി എൻക്വയറികൾ നടത്തേണ്ടതുള്ളതിനാൽ വാഹനസൗകര്യങ്ങൾക്കുവേണ്ടി സംഘങ്ങളെ ആശ്രയിക്കേണ്ടി വരുന്ന പരിതാപകരമായ അവസ്ഥയാണുള്ളതെന്നും അവരുടെ പ്രവൃത്തികൾ സ്വതന്ത്രമായി ചെയ്യണമെങ്കിൽ ഇത്തരം സൗകര്യങ്ങൾകൂടി ഏർപ്പെടുത്തേണ്ടതുണ്ടെന്നും സഹകരണ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

പ്രസ്തുത ശീർഷകങ്ങളിലായി ആകെ 6.03 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 2.20-ന് അവസാനിച്ചു.)

## 27-2-2024-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തുറമുഖ-സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ആന്റണി ജോൺ, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
2. ഡോ. മാത്യു കുഴൽനാടൻ., എം.എൽ.എ.
3. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.
4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
5. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിജയ് അമൃതരാജ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ഡി. സജിത്ത് ബാബു, കമ്മീഷണർ, സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ്
2. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
3. ശ്രീ. സൂരജ് ഷാജി, ജനറൽ മാനേജർ, സപ്ലൈകോ (കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
4. ശ്രീ. വി. കെ. അബ്ദുൾ ഖാദർ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
5. ശ്രീ. എസ്. പ്രവീൺ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്
6. ശ്രീ. ശ്രീനി ജി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി സീന എ. എൻ., ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

ധനാഭ്യർഥന നമ്പർ XXVIII-ൽ പലവക സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച് പ്രധാനമായും ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട് ആകെ 28 ഹെഡ് ഓഫ് അക്കൗണ്ടുകളിലേയ്ക്കുള്ള ബഡ്ജറ്റ് പ്രൊവിഷന്റെ വിശദാംശങ്ങളാണ് നൽകിയിട്ടുള്ളതെന്നും അതിൽ 6 ഹെഡ്ഡുകളിലാണ് അധിക തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ഒരിനംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3475-00-106-99-06—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 38.83 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും അത് പുതുതായി വാടക കെട്ടിടങ്ങളിൽ പ്രവർത്തനമാരംഭിച്ച 14 താലൂക്കുതല ഇൻസ്പെക്ടർ ഓഫീസുകളുടെ വാടകയും കഴിഞ്ഞ സാമ്പത്തിക വർഷത്തെ പെൻഡിംഗ് തുകയും നൽകുന്നതിന് അപര്യാപ്തമാണെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ജോയിന്റ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തുകയും 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശചെയ്യാൻ സമിതി തീരുമാനിക്കുയും ചെയ്തു.

കഴിഞ്ഞവർഷം ഇതിനേക്കാൾ ചെലവാക്കേണ്ടിവന്നിരുന്നോ എന്ന് ബഹു. അംഗം ആരാഞ്ഞതിന് കഴിഞ്ഞവർഷം അഡീഷണൽ ഓതറൈസേഷൻ മുഖേന തുക ലഭിച്ചിരുന്നുവെന്ന് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

3475-00-106-99-21-2—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതായും വാഹനങ്ങൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരുന്നുണ്ടെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ വിശദീകരിച്ചു. പ്രസ്തുത ആവശ്യത്തിനായി നിലവിൽ അനുവദിച്ച 7.01 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3475-00-106-99-45—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.</u>

പ്രസ്തുത ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 38 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും കഴിഞ്ഞ സാമ്പത്തിക വർഷം 45 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ചിരുന്നുവെന്നും ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയെ അറിയിക്കുകയും പെട്രോൾ ചാർജ്ജിന്റെ കുടിശ്ശിക തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. സമിതി അത് പരിശോധിക്കുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3475-00-106-98—<u>അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 3.74 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 2.68 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും വകുപ്പിന്റെ എല്ലാ അടിസ്ഥാന പദ്ധതി പ്രവർത്തനങ്ങളും വരുന്ന ശീർഷകമായതിനാൽ 1.06 കോടി രൂപ കൂടി ആവശ്യമായിവരുമെന്ന് സമിതിയെ ബോധ്യപ്പെടുത്തുകയും ചെയ്തു.

അത് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

3475-00-106-90-91—<u>പരിശീലന പരിപാടി - പരിശീലനം</u>

ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ്/മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർക്കായി വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് നടത്തുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതമായ 5 ലക്ഷം രൂപ അപര്യാപ്തമാണെന്നും ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും ജോയിന്റ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയോഗത്തിൽ പറഞ്ഞു.

പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-800-80-04—ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

പ്രസ്തുത ക്യാപിറ്റൽ ശീർഷകം ഈ വർഷം ആദ്യമായി അനുവദിച്ച് നൽകിയതാണെന്നും പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 3.6 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളതെന്നും ട്രഷറി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. കൂടാതെ 22 സ്ഥലങ്ങളിൽ പുതിയ ട്രഷറികൾ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് HLL Life Care Ltd., എന്ന അക്രഡിറ്റഡ് ഏജൻസിയെ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഒരു വർഷം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാമെന്നാണ് ഏജൻസി അറിയിച്ചിട്ടുള്ളതെന്നും ട്രഷറി വകുപ്പ് ഡയറക്ടർ പറഞ്ഞു. പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ 17 പ്രോജക്ടുകളുടെ വർക്ക് ബിൽ മാറി നൽകുന്നതിനും പുതിയതായി നിർമ്മിക്കുന്ന 22 കെട്ടിടങ്ങൾക്കുള്ള തുകയും മറ്റുമായി നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് അദ്ദേഹം യോഗത്തെ അറിയിക്കുകയും ആയതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

പ്രസ്തുത ശീർഷകം ഓഫീസുകളുടെ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ടതാണെന്നും വിവിധ ജില്ലകളിലായി കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും അടുത്തവർഷം കണ്ണൂരും എറണാകുളത്തും പുതിയ കെട്ടിടങ്ങൾ പ്രൊപ്പോസ് ചെയ്യുന്നുണ്ടെന്നും വയനാട് ജില്ലയിലെ കെട്ടിടം പണി അവസാനഘട്ടത്തിലാണെന്നും പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 10.93 കോടി രൂപ ആവശ്യമുണ്ടെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ആയതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന 92.47 ലക്ഷം രൂപയ്ക്ക് പുറമെ 10.01 കോടി രൂപ അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 10.01 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട XXX-ാം നമ്പർ ധനാഭ്യർഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

പ്രസ്തുത ശീർഷകം നെല്ല് സംഭരിക്കുന്നതുമായി ബന്ധപ്പെട്ടതാണെന്നും 857 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 577.50 കോടി രൂപയാണ് നിലവിലെ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരിക്കുന്നതെന്നും അത് 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്രോത്സാഹന ബോണസ് ഇനത്തിന് മാത്രമെ തികയുകയുള്ളു എന്നും അതിനാൽ മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിലേക്കാണ് 605 കോടി രൂപ അധികമായി ആവശ്യപ്പെടുന്നതെന്നും ആയത് നൽകാൻ താമസിക്കുമ്പോൾ പലിശയും കൂടിക്കൊണ്ടിരിക്കുമെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയോഗത്തിൽ വ്യക്തമാക്കി.

കഴിഞ്ഞതവണ അവശ്യഘട്ടങ്ങളിൽ സഹായിച്ചത് കേരളബാങ്കാണെന്നും ഒരുതരത്തിലും മുന്നോട്ടുപോകാൻ കഴിയാതിരുന്നപ്പോൾ വീണ്ടും 200 കോടി രൂപ കൂടി നൽകിയിരുന്നുവെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി യോഗത്തെ അറിയിച്ചു.

ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 605 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2408-01-101-92—ഭക്ഷ്യധാന്യങ്ങളുടെ അന്തർസംസ്ഥാന ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% കേന്ദ്രസഹായ പദ്ധതി)

പ്രസ്തുത ശീർഷകത്തിൽ 310.80 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും തുക ഒന്നും വകയിരുത്തിയിട്ടില്ലെന്നും അതിനുപകരം 2408-01-101-94-03-33-NP എന്ന ശീർഷകത്തിലാണ് 260.80 കോടി രൂപ വകയിരുത്തിയിട്ടുള്ളതെന്നും അഡീഷണൽ ഫണ്ടായി 64.80 കോടി രൂപ ആവശ്യമുണ്ടെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 14.80 കോടി രൂപ ധനപുനർവിനിയോഗം വഴിയും 50 കോടി രൂപ ഉപധനാഭ്യർത്ഥന വഴിയും ലഭ്യമാക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഒരു കിലോ അരി ഉപഭോക്താവിന്റ കൈയ്യിലെത്തുമ്പോൾ ആകെ ചെലവ് 4 രൂപ 70 പൈസയാണെന്നും അതിൽ 86 പൈസ കേന്ദ്രവും ബാക്കി 3 രൂപ 84 പൈസ സംസ്ഥാന സർക്കാരുമാണ് നൽകുന്നതെന്ന് കമ്മീഷണർ, സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് കൂട്ടിച്ചേർത്തു.

ഈ ശീർഷകത്തിൽ ആകെ 64.80 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2408-01-101-91—<u>ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% കേന്ദ്രസഹായ പദ്ധതി)</u>

ഈ ശീർഷകത്തിൽ 312 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും നിലവിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും അതിനുപകരം അധിക സംസ്ഥാന വിഹിതത്തിനുള്ള തുക നടപ്പ് വർഷം 2408-01-101-94-02-33 NP ശീർഷകത്തിലാണ് അനുവദിച്ചിട്ടുള്ളതെന്നും NFSA റേഷൻ വിതരണത്തിനുള്ള കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം ഇനങ്ങളിൽ 2024-2025 വർഷത്തേക്ക് 107 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയെ അറിയിച്ചു.

അതിനാൽ 103 കോടി രൂപ 2408-01-101-94-02-33-NP ശീർഷകത്തിൽ നിന്നും ധനപുനർവിനിയോഗം വഴിയും അതിനു പുറമെ 4 കോടി രൂപ ഉപധനാഭ്യർഥന വഴിയും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

റേഷൻ വ്യാപാരികൾ ഓരോ മാസവും സമരത്തിലേയ്ക്ക് പോകുന്നതിന്റെ കാരണം ഇതാണെന്നും എല്ലാവർഷവും അതത് മാസത്തെ കമ്മീഷൻ നൽകാൻ അതിന്റെ അടുത്ത മാസം പകുതി കഴിയുകയാണെന്നും ഓരോ തവണയും ധനകാര്യ വകുപ്പിൽനിന്ന് അനുവാദം വാങ്ങിയാണ് ചെയ്യുന്നതെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു.

പ്രസ്തുത ശീർഷകത്തിൽ 107 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ</u>

പ്രസ്തുത ശീർഷകത്തിൽ സപ്ലൈകോയുടെ വിപണി ഇടപെടൽ പദ്ധതിക്കായി ആവശ്യപ്പെട്ടിരുന്ന 980 കോടി രൂപയിൽ 205 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതി മുൻപാകെ വിശദീകരിച്ചു. മുൻകാല കുടിശ്ശികയായിരുന്ന 500 കോടി രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ അയച്ചുവെങ്കിലും ആയത് ലഭ്യമാകാതെ ഫയൽ തിരികെ വരികയാണുണ്ടായതെന്നും തുടർന്ന് SDG (Supplementary Demand for Grants)-ലേയ്ക്ക് മൂവ് ചെയ്യാൻ നിർദ്ദേശിച്ചതനുസരിച്ച് അപ്രകാരം ചെയ്തിട്ടും തുക ലഭ്യമായിട്ടില്ലെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ഇത് 100 ശതമാനം തുകയും ചെലവഴിച്ച ഒരു ഹെഡ്ഡായതിനാൽ പ്രസ്തുത ശീർഷകത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 775 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭ്യമാക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

ആകെ കുടിശ്ശിക 1507 കോടി രൂപയാണെന്നും അതിൽനിന്നും 500 കോടി രൂപയാണ് ആവശ്യപ്പെടുന്നതെന്നും മാസംതോറും 40 കോടിയോളം രൂപ സപ്ലൈകോയ്ക്ക് നഷ്ടം വന്നുകൊണ്ടിരിക്കുകയാണെന്നും കമ്മീഷണർ, സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് കൂട്ടിച്ചേർത്തു.

ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 775 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2408-01-190-92—<u>സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ</u>

2024-25-ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഔട്ട് ലെറ്റ് നവീകരണത്തിനും ERP സംവിധാനം നടപ്പാക്കലിനുമായി 10 കോടി രൂപ ആവശ്യപ്പെട്ടതിൽ 6.15 കോടി രൂപ ഈ ശീർഷകത്തിലും 3.85 കോടി രൂപ 4408-01-101-93 എന്ന പുതിയ ക്യാപിറ്റൽ ശീർഷകത്തിലുമാണ് വകയിരുത്തിയിരിക്കുന്നതെന്നും എന്നാൽ മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി 9.02 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ആവശ്യമുണ്ടെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയെ ബോധ്യപ്പെടുത്തി.

പ്രസ്തുത പ്രവൃത്തി ചെയ്ത് കഴിഞ്ഞതാണോ എന്ന് ബഹു. അംഗം ആരാഞ്ഞതിന് കഴിഞ്ഞതാണെന്ന് അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മറുപടി നൽകി.

ഈ ശീർഷകത്തിൽ 9.02 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2408-01-800-88—<u>ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംയോജിത പദ്ധതി (100% സി.എസ്.എസ്.)</u>

പ്രസ്തുത ശീർഷകത്തിൽ 10.5112 കോടി രൂപ കേന്ദ്ര ഗവൺമെന്റ് വിഹിതമാണെന്നും അതിൽ വകുപ്പിന്റെ ശീർഷകത്തിലേക്ക് ഇതുവരെ വകയിരുത്തിതന്നിട്ടുള്ള 10.0108 കോടി രൂപ പൂർണ്ണമായി ചെലവഴിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ധനകാര്യവകുപ്പിന്റെ കൈവശമുള്ള ബാക്കി 50.04 ലക്ഷം രൂപ വകുപ്പിന്റേതാണെങ്കിലും ബഡ്ജറ്റ് പ്രൊവിഷനിൽ വകയിരുത്തിയിട്ടില്ലെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയെ അറിയിച്ചു.

അഡീഷണൽ ഓതറൈസേഷൻ വഴി പ്രസ്തുത തുക ശീർഷകത്തിൽ ലഭ്യമാക്കിയാൽ മാത്രമെ തുക ചെലവഴിച്ച് Utilization Certificate കേന്ദ്രത്തിലേയ്ക്ക് നൽകാൻ കഴിയുകയുള്ളൂ എന്നും അല്ലാത്തപക്ഷം അടുത്ത സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും തുക ലഭ്യമാകില്ലെന്നും സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് കമ്മീഷണർ കൂട്ടിച്ചേർത്തു.

അതിനാൽ ഈ ശീർഷകത്തിൽ 50.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3456-00-001-78—<u>ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

പ്രസ്തുത ശീർഷകത്തിൽ 25.67 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ റിക്കറിംഗ് എക്സ്പെൻഡിച്ചർ ഇനത്തിൽ 16.31 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും അധികമായി ആവശ്യപ്പെടുന്ന 9.36 കോടി രൂപ എസ്.എം.എസ്. കോസ്റ്റ്, സോഷ്യൽ ഓഡിറ്റ്, ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്നീ ചെലവുകൾക്കുവേണ്ടിയാണെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി സമിതിയോഗത്തിൽ വിശദീകരിച്ചു.

ഈ ശീർഷകത്തിൽ 9.36 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3456-00-001-77—<u>പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

പ്രസ്തുത ശീർഷകത്തിൽ ആവശ്യപ്പെട്ടിട്ടുള്ള 2.30 കോടി രൂപയിൽ 50 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും 1.80 കോടി രൂപ ഇനിയും അധികമായി ആവശ്യമുണ്ടെന്നും അതിനാൽ ക്യാപ്പിറ്റൽ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപയിൽ 1 കോടി രൂപ ധനപുനർവിനിയോഗം വഴിയും ബാക്കി 80 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴിയും അനുവദിക്കണമെന്ന് അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സമിതിയോട് അഭ്യർത്ഥിച്ചു. ഡ്രൈവറില്ലാതെ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതും ഇ-ഓഫീസ് ഇംപ്ലിമെന്റേഷനുമാണ് ഇതിൽ പ്രധാനമായും വരുന്നതെന്നും അദ്ദേഹം പറഞ്ഞു.

15 വർഷ കാലാവധി കഴിഞ്ഞതിനാൽ സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസിലെ വാഹനങ്ങളിൽ 44 വാഹനങ്ങൾ ഒഴിവാക്കിയ സാഹചര്യത്തിൽ താലൂക്ക്

സപ്ലൈ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് ഇൻസ്പെക്ഷൻ നടത്തുന്നതിനായാണ് വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതെന്ന് കമ്മീഷണർ, സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് വിശദീകരിച്ചു.

ക്യാപ്പിറ്റൽ ശീർഷകത്തിൽ നിന്നും 1 കോടി രൂപ ധനപുനർവിനിയോഗം വഴിയും അതിനുപുറമെ 80 ലക്ഷം രൂപ ഉപധനാഭ്യർഥന വഴിയും അപ്രകാരം പ്രസ്തുത ശീർഷകത്തിൽ ആകെ 1.80 കോടി രൂപ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-01-101-93—<u>സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരണം</u>

പ്രസ്തുത ശീർഷകത്തിൽ 5.19 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 3.85 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും ടി തുക റിക്കറിംഗ് എക്സ്പെൻഡിച്ചർ ആയ ERP സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്കാണെന്നും പ്രസ്തുത പദ്ധതി പ്രവൃത്തികൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തിയാക്കുന്നതിന് 1.34 കോടി രൂപ അധികമായി അനുവദിക്കണമെന്നും അഡീഷണൽ സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഭ്യർഥിച്ചു.

ഈ ശീർഷകത്തിൽ 1.34 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-01-101-92—<u>ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ച 3.37 കോടി രൂപ നോൺ റിക്കറിംഗ് എക്സ്പെൻഡിച്ചറിന് വേണ്ടിയുള്ളതാണെന്നും അധികമായി ആവശ്യപ്പെടുന്ന 4.69 കോടി രൂപയിൽ 4 കോടി രൂപ weighing machine, GPS, CCTV എന്നിവ സ്ഥാപിക്കുന്നതിനും 69 ലക്ഷം രൂപ ICT Infrastructure and Connectivity-ക്കും വേണ്ടിയുള്ളതാണെന്നും ഇവ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളായതിനാൽ ഒഴിവാക്കാൻ കഴിയില്ലെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി,

ഈ ശീർഷകത്തിൽ 4.69 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-02-101-99—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 21.24 കോടി രൂപയിൽ 10 കോടി രൂപ സപ്ലൈകോയ്ക്കും 11.24 കോടി രൂപ പൊതുവിതരണ വകുപ്പിനുമുള്ളതാണെന്നും പ്രസ്തുത ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ടിരിക്കുന്ന 3.76 കോടി രൂപ പൊതുവിതരണ വകുപ്പിന്റെ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള താണെന്നും ഒരു ഗോഡൗൺ നിർമ്മിക്കുന്നതിന് 5 കോടി രൂപ നിരക്കിൽ മൂന്ന് ഗോഡൗൺ നിർമ്മിക്കുന്നതിന് 15 കോടി രൂപ ആവശ്യമായി വരുമെന്നും ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ശാസ്ത്രീയ രീതിയിലുള്ള ഇന്റർ മീഡിയറി ഗോഡൗണും ഓഫീസ് കെട്ടിടവും നിർമിക്കുന്നതിന് ഗവൺമെന്റ് പ്രത്യേക തീരുമാനമെടുത്തിട്ടുണ്ടെന്നും അത് പ്രകാരം എല്ലാ സ്ഥലത്തും ഓരോ സയന്റിഫിക് ഗോഡൗണുകൾ ആരംഭിക്കുന്നതിനായി 34 താലൂക്കുകളിൽ ഗോഡൗണുകൾ നിർമിക്കുന്നതിനുള്ള ലാന്റ് ഐഡന്റിഫൈ ചെയ്തതിന്റെ ഭാഗമായി 8 സ്ഥലങ്ങൾ റവന്യൂ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ടെന്നും ബാക്കി 26 സ്ഥലങ്ങൾ ലഭ്യമാകുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും ഐഡന്റിഫൈ ചെയ്ത 8 സ്ഥലങ്ങളിൽ ഗോഡൗണുകൾ നിർമിക്കാനുള്ള പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണെന്നും കഴിഞ്ഞ വർഷം ലഭ്യമായിട്ടുള്ള 15 കോടി രൂപ ഉപയോഗിച്ച് മൂന്ന് ഗോഡൗണുകളും അനുബന്ധ കാര്യങ്ങളുമാണ് PWD വഴി ചെയ്യാനുദ്ദേശിക്കുന്നതെന്നും ബാക്കിയുള്ള ഗോഡൗണുകളുടെ നിർമാണത്തിന് ATF-നെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതിയനുസരിച്ചുള്ള ചർച്ചകൾ ഫൈനലൈസ് ചെയ്തിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഗോഡൗണുകളുടെ നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോയെന്ന് ബഹു. അംഗം ആരാഞ്ഞതിന് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ലെന്നും ഏപ്രിൽ മാസത്തിൽ ആരംഭിക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നതെന്നും ആ സ്ഥലത്തെ സംബന്ധിച്ച് തർക്കമുണ്ടായതിനെത്തുടർന്ന് അത് ലീസിന് നൽകിയാൽ മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് കമ്മീഷണർ മറുപടി നൽകി.

ഈ ശീർഷകത്തിൽ 3.76 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് അവസാനിച്ചു.

---